(ഡി) ഡയറ്റ് ഷെഡ്യൂൾ എങ്കിലും നിശ്ചയിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ഇ, എഫ് ആൻഡ് ജി) വിവരം ശേഖരിച്ചുവരുന്നു.

UNSTARRED QUESTIONS AND ANSWERS

ഡീലിമിറേഷൻ

9A. [1] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഡീലിമിറേഷൻ പ്രവർത്തനം പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് പൂർത്തിയാകും ?

ഉത്തരം

(എ) ഇല്ല.

(ബി) 1964 ഫെബ്രുവരിമാസം അവസാനത്തോടുകൂടി പൂർത്തിയാകുമെന്നാണ് ഇപ്പോഴത്തെ പ്രതീക്ഷ.

അട്ടർ ശാസ്താംകോട്ട റോഡ്

9B. [5] ശ്രീ. പി. സി. ആദിച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടർ-ശാസ്താംകോട്ട റോഡ് ടാറിടുന്നതിനു പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് ടാർ ഇടുന്നതിന് എത്ര രൂപ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു ;

(സി) ഈ ജോലി എന്നു തുടങ്ങും ;

(ഡി) എന്നത്തേക്ക് ടാറിടൽ തീരുമെന്നു പറയുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2 ലക്ഷം രൂപ.

(സി) ധനദൗർലഭ്യംമൂലം ടാറിംഗ് ഉടനെ നടത്തുവാൻ നിർവാഹമില്ല.

(ഡി) 'സി'യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

Petition Complaining about misconduct of the Docter in the Parali Health Centre

10 [12] **Shri M. V. Vasu** : Will the Minister for Public Health be pleased to state:

(a) whether the Government have received a petition signed by about 300 persons from Parali complainig about the misconduct of the Doctor in the Parli Health Centre;

(b) if so, what action has been taken on it and:

(c) will the Government be pleased to take immediate steps to transfer the Doctor from Parli?

LIBRARY ARCHIVES Kerala Legislative Assembly

Answer.

(a) A petition signed by 221 persons from Parali complaining about the misconduct of Dr. M. C. Jacob, Assistant Surgeon, Government Dispensary, Parali, has been received.

(b) The petition is under consideration.

(c) This can be considered only after the petition is duly enquired into and the results of the enquiry are known.

9. a m. **Mr. Speaker :** Order, order. Question hour is over.

ADJOURNMENT MOTION

Re : Minister for Home Affairs-resignation of

Mr. Speaker : I have received notice of an adjournment motion under Rule 49, from Shri C. Achutha Menon for the purpose of discussing a definite matter of urgent public importance namely, the complete paralysis of the administration due to the indecision of the Chief Minister in the matter of Shri P. T. Chacko. I call hon the hon. Chief Minister to placethefacts before the House.

ശ്രീ. സി. അച്യുതമേനോൻ: എനിക്കു പറയുവാനുള്ളതു് ഞാൻ പറഞ്ഞാൽ മറുപടി പറയുവാൻ സൗകര്യമായിരിക്കും. ചോദ്യോത്തരസമയത്തുതന്നെ ഞാൻ ഈ കാര്യം ഇവിടെ ഉന്നയിക്കുകയുണ്ടായി, ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയെ അദ്ദേഹത്തിന്റെ സ്ഥാനത്തു കാണുന്നില്ല. പത്രങ്ങളിൽ അദ്ദേഹം ഇവിടെനിന്നും പോയതായി റിപ്പോർട്ടുകളും കാണുന്നു. പോയെങ്കിൽ അദ്ദേഹം രാജിവയ്ക്കണം. ആ കാര്യം വളരെ ശക്തിയായി ഈ ഭാഗത്തുനിന്നും ഉന്നയിച്ചിട്ടുള്ളതാണു്. നാട്ടിലും ശക്തിയായ അഭിപ്രായം ഉണ്ടായിട്ടുണ്ടു്. അദ്ദേഹം രാജിവയ്ക്കുന്നില്ല എന്നുള്ള അഭിപ്രായമാണു് മുഖ്യമന്ത്രി ഇവിടെ വളരെ ശക്തിയായി ശവണ്ണരുടെ പ്രസംഗത്തെപ്പറ്റിയുള്ള ചർച്ചയുടെ അവസരത്തിൽ പറഞ്ഞതു്. അതിനുശേഷമാണു് ശ്രീ. ഗോപാലൻ ഇവിടെ നിരാഹാരവ്രതം ആരംഭിച്ചതു്. അതിനെത്തുടർന്നുകൊണ്ടു് അദ്ദേഹത്തിനു എന്തോ ഉറപ്പുകിട്ടി. ചാക്കോയെ ഒഴിവാക്കിക്കൊണ്ടുള്ള ഒരു തീരുമാനമുണ്ടാകും എന്നു പറയപ്പെടുന്നു. അതു് മറ്റു ചില കേന്ദ്രങ്ങളും നിഷേധിക്കുന്നുണ്ടു്. ഏതായാലും വാസ്തവം എന്താണെന്നു ഞങ്ങൾക്കറിയാൻ പാടില്ല. ഏതായാലും ശ്രീ. പി. ടി. ചാക്കോയെ ഒഴിവാക്കിക്കൊണ്ടു് മന്ത്രിസഭ തുടരുന്നതു അവിഹിതമാണു്. അദ്ദേഹം രാജിവയ്ക്കാൻ കൂട്ടാക്കുന്നില്ലെന്നു പറയുന്നതു ശരിയാണെങ്കിൽ അതിനുള്ള മാർഗ്ഗം മുഖ്യമന്ത്രി മന്ത്രിസഭയുടെ മുഴുവൻ രാജി സമർപ്പിക്കുക, പിന്നീടു് പുനഃസംഘടിപ്പിക്കുക എന്നുള്ളതാണു്. അതാണു് ശരിയായ മാർഗ്ഗം. അതിനു വളരെയൊന്നും ആലോചനയുടെ ആവശ്യമില്ല. ഒരുദിവസം കൊണ്ടു് ചെയ്യാവുന്നകാര്യമാണു്. പക്ഷേ ഇവിടെ അതിനുമുതിർന്നു കാണുന്നില്ല. എന്റെ വ്യക്തമായിട്ടുള്ള അഭിപ്രായം അതിനു് മുഖ്യമന്ത്രിക്കു് സ്വന്തമായി ഭയം ഉണ്ടെന്നുമാണു്. ശ്രീ. പി. ടി. ചാക്കോയെ ഒഴിവാക്കുകയാണെങ്കിൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള പല മന്ത്രിമാരും പോകേണ്ടിവരും എന്നുള്ള ഭയംകൊണ്ടാണു് മുഖ്യമന്ത്രി രാജി സമർപ്പിക്കാൻ മടിക്കുന്നതു് എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ചാക്കോതന്നെ ഏതാനും ദിവസങ്ങൾക്കു് മുൻപു് പ്രസംഗിച്ചതായി പത്രങ്ങളിൽ റിപ്പോർട്ടുവന്നിട്ടുണ്ടു്, ഞാൻ പോകുകയാണെങ്കിൽ ഞാൻ മാത്രമല്ല മറ്റു പല ആളുകളും പുകഞ്ഞു പുറത്തു ചാടുമെന്നു്, അങ്ങനെ അദ്ദേഹം പറഞ്ഞതിൽ വല്ല കാര്യവുമുണ്ടോ എന്നു എനിക്കറിഞ്ഞുകൂടാ. ഈ രാജ്യത്തെ എല്ലാ മന്ത്രിമാർക്കും അവരുടെ കസേരകളിൽ ഭയം തുടങ്ങിയിട്ടുണ്ടു്. ശ്രീ. പി. ടി. ചാക്കോതന്നെ ഇവിടെവച്ചു് ചാഴിക്കാടന്റെ ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞു. നാളത്തെ കഥ

LIBRARY ARCHIVES Kerala Legislative Assembly